"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് പദ്ധതിക്കായി **2026-27** സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**860/2026/LBR** തീയതി,തിരുവനന്തപുരം, **06-08-2026**

---

പരാമർശം:- 1. ലേബർ കമ്മീഷണറുടെ **12/06/2026**-ലെ **LCO/1627/2026-P(1)-5** നമ്പർ കത്ത്.

2. **20/07/2026**-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

**2026-27** സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്ന ഗ്രേഡിംഗ്, വിവിധ തൊഴിൽ മേഖലകളിലെ മികച്ച തൊഴിലാളികൾക്ക് തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി "**2230-01-001-95** പ്ലാൻ" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **40,00,000/-** (നാൽപ്പത് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന് **20.07.2026**-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

2. ടി സാഹചര്യത്തിൽ, സംസ്ഥാനത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്ന ഗ്രേഡിംഗ്, വിവിധ തൊഴിൽ മേഖലകളിലെ മികച്ച തൊഴിലാളികൾക്ക് തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി "**2230-01-001-95** പ്ലാൻ" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **40,00,000/-** (നാൽപ്പത് ലക്ഷം രൂപ മാത്രം) രൂപ ചുവടെ ചേർക്കും പ്രകാരം വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1. | ഗ്രേഡിംഗ് (പ്രീവിയസ് ഫിനാൻഷ്യൽ ഇയർ - പെൻഡിംഗ് ബിൽ പേയ്മെന്റ്) | 4,19,927/- |
| 2. | ഗ്രേഡിംഗ് (കറന്റ് ഫിനാൻഷ്യൽ ഇയർ) | 10,00,000/- |
| 3. | തൊഴിലാളി ശ്രേഷ്ഠ (പ്രീവിയസ് ഫിനാൻഷ്യൽ ഇയർ - പെൻഡിംഗ് ബിൽ പേയ്മെന്റ്) | 11,94,209/- |
| 4 | തൊഴിലാളി ശ്രേഷ്ഠ (കറന്റ് ഫിനാൻഷ്യൽ ഇയർ) | 13,85,864/- |
| | **Total** | **40,00,000/-** |

3. മേൽ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലേബർ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
2. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ്.
6. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
7. തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്.
8. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
9. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ എ.പി.എസ്-ന്

തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്